"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുബശ്രീ- ജീവനക്കാര്യം - ശ്രീമതി. ശ്രീലത ബി.വി (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹരിപ്പാട് നഗരസഭ)-യുടെ കുടുബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയം ഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1654/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/08/2021

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.
3. 03.08.2020 തീയതിയിലെ സ.ഉ.(ആർ.റ്റി) നം.1374/2020/തസ്വഭവ
4. കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.07.2021ലെ 5654/ഇ1/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഹരിപ്പാട് നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീമതി. ശ്രീലത ബി.വി-യെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 02.08.2021 ൽ അവസാനിച്ചതായും 03.08.2021 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീമതി. ശ്രീലത ബി.വി-യുടെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി, കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി, 03.08.2021 മുതൽ പുതിയ അപേക്ഷകൾ അനുസരിച്ചുള്ള നിയമനം നടക്കുന്നത് വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,തിരുവനന്തപുരം.
ശ്രീലത ബി.വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1,ഹരിപ്പാട് നഗരസഭ (നഗര കാര്യ

ഡയറക്ടറേറ്റ് മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ